ശ്രീ. എ. ജെ. ജാൺ : എത്ര കാലംവരെ ആവശ്യമുണ്ടെന്നു പറയേണ്ടതു് അധ്യിലേയ്ക്കു ശുപാർശചെയ്തിരിക്കുന്ന ബോർഡു് ആണു്.

ശ്രീ. കെ. പി. ഹാർമീസു് : കുന്നത്തുനാടു് താലൂക്കിൽ ചില സൊസൈറ്റികൾക്കു് സമയത്തിനു കോട്ടാ അനുവദിച്ചുകൊടുക്കാത്തതുകൊണ്ടു് മരച്ചീനി ശേഖരിക്കുന്നതിനും വിതരണം നടത്തുന്നതിനും സാധിച്ചില്ല എന്നറിയാമോ ?

ശ്രീ. എ. ജെ. ജാൺ : അറിയാം. അതിലേയ്ക്കു് നടപടി എടുത്തു കഴിഞ്ഞിട്ടുണ്ടു്.

ശ്രീ. പി. ആർ. മാധവൻപിള്ള : എരുമേലിയിലെ ഒരു സഹകരണസംഘത്തിനു കൊടുത്തതായ 18 ടൺ കപ്പയുടെ വില ആലപ്പുഴ ഡിപ്പോആഫീസർ ഇടപെട്ടു് അപഹരണം നടത്തിയെന്നു് പരാതികൾ ലഭിച്ചിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : അവയെപ്പറ്റിയെല്ലാം അന്വേഷണം നടത്താതെ മറുപടി പറയാൻ സാദ്ധ്യമല്ല.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : ഈ കപ്പവിതരണപ്രസ്ഥാനം നടപ്പിൽവരുത്തിയിട്ടുള്ളതു് യഥാർത്ഥ കപ്പക്കൃഷിക്കാരെ സഹായിക്കാനല്ലെന്നുള്ള വിവരം അറിയാമോ?

ശ്രീ. എ. ജെ. ജാൺ : യഥാർത്ഥ കപ്പക്കൃഷിക്കാരെ സഹായിക്കാനും പ്രോത്സാഹിപ്പിക്കാനുമാണു് ഈ സ്കീം ഉണ്ടാക്കിയിട്ടുള്ളതു്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : കപ്പ ശേഖരിക്കുന്നതിനുള്ള സഹകരണസംഘങ്ങൾ പ്രവർത്തനം തുടങ്ങിയതിനുശേഷം കപ്പയ്ക്കു് വില അല്പം വർദ്ധിച്ചിട്ടുണ്ടെന്നു പറയുകയുണ്ടായി. എന്തു വിലക്കുറവിലാണു് ഉണ്ടായിട്ടുള്ളതു് എന്നു പറയാമോ ?

ശ്രീ. എ. ജെ. ജാൺ : പറയാം. മുൻപു് ചങ്ങനാശ്ശേരിയിൽ ഒരു കണ്ടിക്കു് 20 രൂപാ ഉണ്ടായിരുന്ന വാട്ടകപ്പ സഹകരണപ്രസ്ഥാനം തുടങ്ങിയതിനുശേഷം 35 മുതൽ 40 രൂപ വരെ വിലക്കയറ്റം ഉണ്ടായി. എന്നാൽ ഇപ്പോൾ 30 രൂപ വരെ വിലയുള്ളതായിട്ടാണു് അറിവു്. അതുപോലെതന്നെ 10 രൂപ കണ്ടിക്കു് വിലയുണ്ടായിരുന്ന വെള്ളക്കപ്പ ഇപ്പോൾ 30 മുതൽ 35 രൂപ വരെ വില ആയിട്ടുണ്ടു്.

ഈറയുടെ സീനിയറേജു്.

* 66. [2] ശ്രീ. എൻ. നീലകണ്ഠപിണ്ടാരത്തിൽ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി ദയവായി മറുപടി പറയുമോ:

(എ) തിരുവിതാംകൂർ–കൊച്ചിയിലെ വനങ്ങളിൽനിന്നു 'ഈറ' വർഷംതോറും എത്ര ടൺ വീതം വ്യവസായാവശ്യത്തിനു് വെട്ടിയെടുക്കുന്നുണ്ടു്;

(ബി) ഇതിൽ പുനലൂർ പേപ്പർമില്ലിനു് നൽകുന്നതെത്ര; അതിനുള്ള സീനിയറേജു് നിരക്കെന്താണു്;

(സി) കടൽവ്യവസായത്തിനു് ചില്ലറയായി നൽകുന്നതാകെ എത്ര; അതിനു് ഈടാക്കുന്ന സീനിയറേജു് എന്താണു്;

LIBRARY ARCHIVES Kerala Legislative Assembly

(ഡ) പാവപ്പെട്ട പട്ടികജാതിക്കാരായ ഈറത്തൊഴിലാളികൾ വനത്തിൽനിന്ന് ഈറ വെട്ടിയെടുക്കാൻ ചെല്ലുമ്പോൾ ഫോറസ്റ്റധികാരികൾ അന്യായമായി അവരിൽനിന്നും കൈക്കൂലി വാങ്ങുകയും ദേഹോപദ്രവമേൽപ്പിക്കുകയുംകൂടി ചെയ്യുന്നതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) കടിൽവ്യവസായാവശ്യത്തിന് നൽകുന്ന ഈറയുടെ സീനിയറേജ് കുറയ്ക്കുന്നതിന് ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

ആഭ്യന്തരകായ്വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ഉദ്ദേശം 20,145 ടൺ.

(ബി) 12382·5 ടൺ: 800 ഈറയുള്ള ഒരു ടണ്ണിന് മൂന്നു (3) രൂപ വച്ച് സീനിയറേജ് ഈടാക്കുന്നു.

(സി) ഉദ്ദേശം 7762.5 ടൺ. 30 ഈറ അടങ്ങിയ ഒരു തല ച്ചുമടിന് രണ്ട് (2) അണ. 100 ഈറയ്ക്ക് എട്ട് (8) അണ വച്ച്. 800 ഈറ അടങ്ങിയ ഒരു ടണ്ണിന് നാലു (4) രൂപ.

(ഡ) ഒരു പരാതിഹർജി ലഭിച്ചിട്ടുള്ളതായും അന്വേഷണത്തിൽ അതു് അടിസ്ഥാനരഹിതമാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ളതായും റിപ്പോർട്ടു കിട്ടിയിട്ടുണ്ട്.

(ഇ) ഇപ്പോൾ ഉദ്ദേശമില്ല.

ശ്രീ. എൻ. നീലകണ്ഠൻ പണ്ടാരത്തിൽ: പരാതി കിട്ടിയിട്ടുള്ളതു് ഏതു സ്ഥലത്തുനിന്നാണെന്നും, ആരാണയച്ചതെന്നും പറയാമോ?

ശ്രീ. എ. ജെ. ജാൺ: അതിലേയ്ക്കുള്ള റിക്കാർഡു് ഇപ്പോൾ എന്റെ കൈവശമില്ല.

ശ്രീ. എം. വി. ചെറിയാൻ: ഈറകൊണ്ടുള്ള വ്യവസായങ്ങൾ കേരളത്തിൽ എറെക്കുറെ മോണോപൊളി ആണെന്നറിയാമോ?

ശ്രീ. എ. ജെ. ജാൺ: ആയിരിക്കാം.

ശ്രീ. എം. വി. ചെറിയാൻ: ഈ വ്യവസായത്തിന്റെ പുരോഗമനത്തിനുവേണ്ടി ഗവണ്മെൻറ് ഡിപ്പോകളിൽ ഈറ സംഭരിച്ചു് ലഘുവായ വിലയ്ക്കു് കൊടുക്കുവാൻ സാധിക്കുമോ?

ശ്രീ. എ. ജെ. ജാൺ: അതേപ്പറ്റി പെട്ടെന്നു് ഒരു മറുപടി പറയാൻ സാധ്യമല്ല.

ശ്രീ. എം. വി. ചെറിയാൻ: സാധുക്കളായ തൊഴിലാളികൾക്കു് വനത്തിനുള്ളിൽ പ്രവേശിച്ചു് ഈറ വെട്ടിയെടുക്കാൻ തടസ്സമുള്ളതുകൊണ്ടു് വ്യവസായത്തിനു തന്നെ മാന്ദ്യം സംഭവിക്കുന്നുണ്ടെന്നറിയാമോ?

ശ്രീ. എ. ജെ. ജാൺ: ഈറ വെട്ടിയെടുക്കാൻ തടസ്സമുണ്ടെന്നു് തോന്നുന്നില്ല.

ശ്രീ. കെ. പി. ഹാർമീസ്: പനമ്പു നെയ്ത്തു വ്യവസായികളെ വനത്തിനുള്ളിൽ പ്രവേശിക്കാൻ അനുവദിക്കുന്നില്ലായെന്നു് അവരിൽനിന്നു് പരാതികൾ കിട്ടിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. ജെ. ജാൺ : കിട്ടിയിട്ടുണ്ട്. അതു് റിപ്പോർട്ടിനായി കൺസർവേറ്റർക്കു് അയച്ചിട്ടുണ്ട്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ചോദ്യം (ഡി)-ൽ പറയുന്ന പരാതിക്കു് കാരണക്കാരനായ ഉദ്യോഗസ്ഥൻ ഏതു ഡിപ്പാർട്ടുമെൻറിൽ ഉള്ള ആളാണു്?

ശ്രീ. എ. ജെ. ജാൺ : ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിലുള്ള ആളാണു്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിലുള്ള ഒരു ഉദ്യോഗസ്ഥനെപ്പറ്റി, അദ്ദേഹത്തിൻറെ മേൽ ആരോപിച്ചിട്ടുള്ള കുറ്റങ്ങളെപ്പറ്റി അന്വേഷണം നടത്തുന്നതു് അതേ ഡിപ്പാർട്ടുമെൻറ് ആണോ?

(ഉത്തരമില്ല.)

പഞ്ചായത്തുകളുടെ സ്വതന്ത്രവും ജനാധിപത്യപരവുമായ പ്രവർത്തനം.

* 67. [3] ശ്രീ. വി. ശ്രീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തുകളുടെ സ്വതന്ത്രവും ജനാധിപത്യപരവുമായ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കേണ്ടതാവശ്യമാണെന്നു് ഈ സർക്കാരിനു് കരുതുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതു സംബന്ധിച്ചു് സർക്കാരിനു് ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടു് ;

(സി) പഞ്ചായത്തു് ആഫീസർമാരുടെ നിയമനം പഞ്ചായത്തുകളുടെ സ്വതന്ത്രവും ജനാധിപത്യപരവുമായ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുമെന്നുള്ള വസ്തുതയെ പരിഗണിച്ചു് ഈ നിയമനം നിറുത്തിവയ്ക്കുവാനുള്ള നടപടികൾ സർക്കാരിനു് സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) പഞ്ചായത്തുകളുടെ സ്വതന്ത്രവും ജനാധിപത്യപരവുമായ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കേണ്ടതു് ആവശ്യമാണെന്നു് കരുതുന്നുണ്ടെന്നു മാത്രമല്ല അത്തരത്തിലുള്ള പ്രവർത്തനം സുകരമാക്കുന്നതിനുള്ള നടപടികൾ എടുത്തുകൊണ്ടിരിക്കുകയുമാണു്.

(ബി) പഞ്ചായത്തുകളുടെ അധികാരങ്ങൾ പൂർവ്വാധികം വർദ്ധിപ്പിച്ചുകൊണ്ടു് ഉത്തരവുകൾ പാസാക്കിക്കഴിഞ്ഞിട്ടുണ്ടു്. അതുപോലെ അവയുടെ ആദായവർദ്ധനയ്ക്കു് പ്രയോജനകരമാകുന്ന വിധത്തിൽ മാർക്കറ്റുകളുടേയും സിനിമാകളുടേയും നിയന്ത്രണങ്ങൾ, അവയിൽ നിന്നുമുള്ള വരവു് എന്നിവയും പഞ്ചായത്തിനു വിട്ടുകൊടുത്തിട്ടുണ്ടു്. ഓരോ പഞ്ചായത്തിലും ഓരോ പഞ്ചായത്താഫീസറന്മാരെ നിയമിക്കുവാൻ നടപടികൾ എടുത്തിട്ടുണ്ടു്.

(സി) പഞ്ചായത്താഫീസറന്മാരുടെ നിയമനം പഞ്ചായത്തുകളുടെ സ്വതന്ത്രവും ജനാധിപത്യപരവുമായ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുമെന്നു് സർക്കാരിനു കരുതുന്നില്ല. പ്രത്യുത ഈ നിയമനം പഞ്ചായത്തുകളുടെ സ്വതന്ത്രവും, ഫലപ്രദവും, ജനായത്തപരവുമായ പ്രവർത്തനങ്ങളെ പരിപുഷ്ടിപ്പിക്കുമെന്ന അഭിപ്രായമാണു് ഭൂരിപക്ഷം പഞ്ചായത്തുകൾക്കും ഉള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly